**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- സമാശ്വാസ തൊഴിൽ ദാന പദ്ധതി - കൊച്ചി കോർപ്പറേഷനിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 06/04/2018 - തീയതിയിൽ മരണപ്പെട്ട ശിവാനന്ദൻ ആർ- മകൻ ശ്രീ അനന്ദു എസ്- മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ ഡി ക്ലാർക്ക്അല്ലെങ്കിൽ ബിൽ കലക്ടർ തസ്തികയിൽ ആശ്രിത നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.യു)വകുപ്പ്**

**സ.ഉ(കൈ)നം. 48/2020/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 18/03/2020**

---

പരാമർശം:- 1. 24/05/1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.പ.ഭ.വ നമ്പർ ഉത്തരവ്.

2. ശ്രീ അനന്ദു എസ് സമർപ്പിച്ച 26/10/2018 തീയതിയിലെ അപേക്ഷ.

3. നഗരകാര്യ ഡയറക്ടറുടെ 13/05/2019 തീയതിയിലെ ഇ 4-26187/2019 നമ്പർ കത്ത്.

4. കൊല്ലം ജില്ലാ കളക്ടറുടെ 30/10/2019 തീയതിയിലെ DCKLM/5559/2019-S4 119072/2018 നമ്പർ കത്ത്.

## ഉത്തരവ്

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് കൊച്ചി കോർപ്പറേഷനിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 06/04/2018 തീയതിയിൽ മരണപ്പെട്ട ശിവാനന്ദൻ ആർ-ന്റെ മകൻ ശ്രീ അനന്ദു എസ് അപേക്ഷ സമർപ്പിച്ചിരുന്നു. ശിവാനന്ദൻ ആർ-ന്റെ സേവനകാലം 20 വർഷമാണ്. പരേതന്റെ ജനനത്തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 10/07/1963 ഉം 06/09/2003 ആണ്. നഗരകാര്യ ഡയറക്ടറും കൊല്ലം ജില്ലാ കളക്ടറും അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട് .

അപേക്ഷകൻ എസ്.എസ്.എസ്.എൽ.സി പാസ്സായിട്ടുള്ളതും ടിയാന്റെ ജനനത്തിയതി 11/05/1998 എന്നതുമാണ് . ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ ടിയാൻ സമർപ്പിച്ചിട്ടുണ്ട് . ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും മറ്റാർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകനും കൊല്ലം ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട് . പരേതന്റെ ആശ്രിതൻ എന്ന നിലയിൽ അപേക്ഷകനായ ശ്രീ അനന്ദു എസ് ന് ജോലി നൽകുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 48,000/- രൂപയാണെന്ന് (നാൽപ്പത്തിയെട്ടായിരം രൂപ മാത്രം) കൊട്ടാരക്കര മേലില വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാൻ സമർപ്പിച്ചിട്ടുണ്ട് .

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കൊച്ചി കോർപ്പറേഷനിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ

06/04/2018 തീയതിയിൽ മരണപ്പെട്ട ശിവാനന്ദൻ ആർ-ന്റെ മകൻ ശ്രീ അനന്ദു എസ് ന് മുനിസിപ്പൽ കോമൺ സർവ്വീസിൽ കൊല്ലം ജില്ലയിൽ പരാമർശം 1 ലെ ഉത്തരവിന് വിധേയമായി നിലവിലുള്ളതോ/ആദ്യം വരുന്നതോ ആയ ഒഴിവിൽ എൽ ഡി ക്ലാർക്ക്അല്ലെങ്കിൽ ബിൽ കലക്ടർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു..

ബന്ധപ്പെട്ട നഗരസഭ സെക്രട്ടറി/നഗരകാര്യ ഡയറക്ടർ ഒഴിവിന്റെ ലഭ്യത,നിയമനം നൽകുന്നതിനുള്ള നിശ്ചിത ശതമാന പരിധി എന്നിവയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നൽകേണ്ടതാണ് .ടിയാനെ സർവീസിൽ പ്രവേശിപ്പിക്കുന്നതിന് മുൻപ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ് .നിയമനവിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി നിയമാനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധിക്കാനായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ് .

ഈ ജോലി ലഭ്യമാക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായി വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ് .

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്:

നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം .

സെക്രട്ടറി,കൊച്ചി കോർപ്പറേഷൻ .

ജില്ല കളക്ടർ , കൊല്ലം.

ശ്രീ അനന്ദു എസ്,അച്ചുനിവാസ്,മേലില ഈസ്റ്റ്,മേലില പോസ്റ്റ്,691508,കൊല്ലം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരളം, തിരുവനന്തപുരം

ഡയറക്ടർ ,ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ